# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3996 — 16/05/2017-ൽ മറുപടിയ്ക്ക്

## ജില്ലാ ആസൂത്രണ സമിതി

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് അനിവാര്യ പദ്ധതികളും മുൻഗണന അർഹിക്കുന്ന പദ്ധതികളും മറ്റും ജില്ലാ ആസൂത്രണ സമിതിയ്ക്ക് മുമ്പിൽ സമർപ്പിച്ച് അംഗീകാരം നേടാൻ വേണ്ടി പദ്ധതിയിട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 13 -ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകളായി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ്; ഇതിന്റെ ഗുണഭോക്താക്കൾ ആരാണ്; ഇതുകൊണ്ടുള്ള പ്രയോജനം എന്തൊക്കെയാണ്; വിശദമാക്കാമോ? | (ബി) | **പദ്ധതികൾ** — **ഗുണഭോക്താക്കൾ**<br>അങ്കണവാടി പോഷകാഹാരം — കുട്ടികൾ, ഗർഭിണികളായ സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ (കുട്ടികളുടെയും, സ്ത്രീകളുടെയും ആരോഗ്യസംരക്ഷണം)<br>SSA/RMSA — സ്കൂൾ കുട്ടികൾ (വിവിധസേവനങ്ങൾ, അടിസ്ഥാന സൗകര്യവികസനം)<br>ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും — ഭിന്നശേഷിയുള്ളവരും മാനസിക വെല്ലുവിളി നേരിടുന്നവരും (പാർശ്വവൽക്കരിക്കപ്പെട്ടവരെ പൊതുധാരയിലേക്ക് കൊണ്ടുവരാൻ പ്രത്യേക സഹായം)<br>എ.എം.എ.വൈ. — ഭവനരഹിതരായ കുടുംബങ്ങൾ (ഭവനം ലഭ്യമാക്കൽ)<br>ആശ്രയ പദ്ധതി — നിരാലംബരും അഗതികളുമായുള്ള കുടുംബം (അഗതികളായ കുടുംബങ്ങളുടെ പുനരധിവാസം) |

| | | | |
|---|---|---|---|
| | | | പാലിയേറ്റീവ് കെയർ ശയ്യാവലംബരായ രോഗികൾ - മാറാരോഗികൾ (കിടപ്പുരോഗികളുടെ പരിചരണത്തിലൂടെ ആശ്വാസം) |
| സി) | ഈ പദ്ധതിയിൽ വനിതകൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിനും എന്തെങ്കിലും മുൻഗണന ഉണ്ടോ; വ്യക്തമാക്കുമോ? | (സി) | പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ പ്രകാരമുള്ള വിഹിതം സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തുന്നതു പ്രകാരമാണ് അത്തരം പദ്ധതികൾ തയ്യാറാക്കേണ്ടത്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.എസ്.പി, റ്റി.എസ്.പി. എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ കുറഞ്ഞത് 10% വനിതാ ഘടക പദ്ധതിക്കായി വകയിരുത്തണം. ഇതു സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 29.03.2017 തീയതിയിലെ ജി.ഒ (എം.എസ്) നം.72/2017/തസ്വഭവ, 03.04.2017 തീയതിയിലെ ജി.ഒ (എം.എസ്) നം.79/2017/തസ്വഭവ, 80/2017/തസ്വഭവ ഉത്തരവുകളായി പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**